ന്നത്. അവിടെ ചർച്ച ചെയ്യുന്നതും തീരുമാനിക്കുന്നതും ബോർഡിന്റെ മുമ്പിൽ സമർപ്പിക്കുന്നതുമായ നിർദ്ദേശങ്ങൾക്ക് പ്രാധാന്യത്തോടുകൂടി പരിഹാരം കാണണം എന്ന നിലയിൽ ആണ് കണക്കാക്കിയിട്ടുള്ളത്. അതിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലും പ്രത്യേകമായി സംഭവിച്ചിട്ടുണ്ടെങ്കിൽ, ചൂണ്ടിക്കാണിച്ചാൽ അത് പരിഹരിക്കാവുന്നതാണ്.

<u>ശ്രീമതി ആർ. ലതാദേവി</u> : സർ, 15-7-1999 മുതൽ 31-7-1999 വരെയുള്ള പരാതികൾക്കാണ് ഈ അദാലത്തിൽ പരിഹാരം കാണുന്നത് എന്ന് സൂചിപ്പിക്കുകയുണ്ടായി. ഇതിനു മുമ്പായിത്തന്നെ വിവിധ ഇലക്ട്രിസിറ്റി ഓഫീസുകളിൽ ധാരാളം പരാതികൾ ഉണ്ട്. ആ പരാതികൾക്ക് കൂടി പരിഹാരം കാണുന്നതിനും, ഈ അദാലത്തുകളിൽ ലഭ്യമായിട്ടുള്ള പരാതികൾക്ക് പരിഹാരം കാണുന്നതിനുംവേണ്ടി ഒരു സമയനിബന്ധന ഏർപ്പെടത്തുന്നതിന് തയ്യാറാകുമോ?

<u>ശ്രീ. എസ്. ശർമ്മ</u> : സർ, 15-7-1999 മുതൽ 31-7-1999 വരെ പരാതികൾ സമർപ്പിക്കുന്നതിനുള്ള സമയമാണ്. അതിനു മുമ്പുള്ള പരാതികൾ 15-7-1999 മുതൽ സമർപ്പിച്ചാൽ ആ പരാതികളും അതിൽ സ്വീകരിക്കുന്നതാണ്. സമയ ബന്ധിതമായിരിക്കണം എന്നുള്ളതുകൊണ്ടാണ് ആഗസ്റ്റ് ഒന്നു മുതൽ പതിനഞ്ചിനുമുമ്പ് (രണ്ടാഴ്ചക്കാലത്തിനു മുമ്പ്) കേരളത്തിലെ ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസുകളിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ പങ്കെടുത്തുകൊണ്ട് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പരാതിക്ക് തീർപ്പുണ്ടാക്കി കൊടുക്കണം എന്നും ഏതെങ്കിലും കാരണവശാൽ നടപ്പാക്കാൻ കഴിയാത്ത കാര്യങ്ങളാണെങ്കിൽ എന്തുകൊണ്ട് ആ ആവശ്യം നടപ്പാക്കുന്നില്ല എന്നുള്ള കാര്യം ബന്ധപ്പെട്ട പരാതിക്കാരനെ രേഖാമൂലം അറിയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, അദാലത്ത് സംഘടിപ്പിക്കാം എന്നു പറഞ്ഞത് വളരെ സ്വാഗതാർഹമായ നിർദ്ദേശമാണ്. ഇപ്പോൾത്തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന ആ കമ്മിറ്റിയിൽ ഡിവിഷൻ തലത്തിൽ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ തലത്തിൽ പ്രവർത്തിക്കുന്ന മെമ്പർമാരും, ജനപ്രതിനിധികളും ഉള്ളതാണ്. വളരെ ഫലപ്രദമായ കമ്മിറ്റികളാണ്. പഞ്ചായത്ത് തലത്തിൽ നേരത്തേ രൂപീകരിച്ച കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഈ രണ്ടു കമ്മിറ്റികളും കൃത്യമായി പ്രവർത്തിച്ചാൽ വർഷത്തിൽ ഒരിക്കൽ നടത്തുന്ന ഈ അദാലത്തു കൂടിയാകുമ്പോൾ കാര്യങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ കഴിയും; അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എസ്. ശർമ്മ</u> : സർ, പരിശോധിക്കാം.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

7 (*317) സമ്പൂർണ്ണ പാർപ്പിട പദ്ധതി

<u>ശ്രീ. മാമ്മൻ മത്തായി</u> :

<u>ശ്രീ. കെ.എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമാക്കി മാറ്റാനുള്ള ഏതെങ്കിലും പദ്ധതികൾക്കു രൂപം നൽകിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പരിപാടികൾ ഏതു ഘട്ടത്തിലാണ് എന്നും അവയുടെ പ്രവർത്തന പുരോഗതി എന്താണെന്നും വിശദമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി)സംസ്ഥാനത്തെ 2002-ാമാണ്ടോടെ ഒരു സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമാക്കി മാറ്റാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ രണ്ടു വർഷംകൊണ്ട് അഞ്ചുലക്ഷം വീടുകൾ നിർമ്മിക്കുവാൻ വേണ്ട നടപടികൾ തുടങ്ങിക്കഴിഞ്ഞു.

8 (*318) വൈദ്യുതി അദാലത്തുകൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഉപഭോക്താക്കളുടെ പരാതികൾക്ക് പരിഹാരം കാണാൻ നിലവിലുള്ള സംവിധാനം പര്യാപ്തമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) വൈദ്യുതി ഉപഭോക്താക്കളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനായി വൈദ്യുതി അദാലത്തുകൾ സംഘടിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ എന്നു മുതൽ വൈദ്യുതി അദാലത്തുകൾ നിലവിൽ വരുമെന്നു വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് എത്ര അദാലത്തുകൾ സംഘടിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്ത് ആരംഭിക്കുവാനുദ്ദേശിക്കുന്ന വൈദ്യുതി അദാലത്തുകളുടെ ഘടന എന്താണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) വൈദ്യുതി അദാലത്തുകളുടെ അധികാരപരിധിയിൽ എന്തൊക്കെ വിഷയങ്ങൾ ഉൾപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

LIBRARY ARCHIVES Kerala Legislative Assembly